I/96654/2022

നമ്പർ.ഇ3/262/2022/റ്റിസി

*ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,*
*രണ്ടാം നില, ട്രാന്സ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട്*
*പി.ഒ തിരുവനന്തപുരം - 14,*
[(0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ -
tcoffice@keralamvd.gov.in ]
**തീയതി: 12-11-2022**

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

1) എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
2) എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
3) ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ് –*** സ്കൂൾ / കോളേജുകളിൽ നിന്നും ടൂറിന് പോകുന്ന വാഹനങ്ങളുടെ പരിശോധന – അധിക നിർദ്ദേശം നൽകുന്നത് – സംബന്ധിച്ച്.

സൂചന :- (1) ഈ ഓഫീസിൽ നിന്നും 07-07-2022 തിയ്യതിയിലായി നൽകിയ ഇ1/121/2022 നമ്പർ കത്ത്.

(2) 08.11.2022 –ൽ ബഹു.ഗതാഗത മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം.

സംസ്ഥാനത്തെ വിവിധ സ്കൂൾ / കോളേജ് വിദ്യാർത്ഥികൾ ടൂറിന് പോകുന്ന വാഹനങ്ങളുടെ വിശദാംശങ്ങൾ സ്ഥാപന മേധാവികൾ മോട്ടോർ വാഹന വകുപ്പിനെ അറിയിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും സൂചന(1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇത്തരത്തിൽ വിദ്യാഭ്യാസ സ്ഥാപന മേധാവികൾ വാഹന വീശദാംശങ്ങൾ മോട്ടോർ വാഹന വകുപ്പിനെ അറിയിക്കുമ്പോൾ വാഹനം പരിശോധനയ്ക്കായി മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ വാഹനം ഓഫീസിൽ ഹാജരാക്കുവാൻ നിർദ്ദേശിക്കുന്നത് വാഹന ഉടമകൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുവെന്നുള്ള നിരവധി പരാതികൾ വകുപ്പിന് ലഭിക്കുന്നുണ്ട്. ആയതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ടൂറിനായി തെരെഞ്ഞെടുക്കുന്ന വാഹനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുകയാണ്.

1. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിനോദയാത്രയ്ക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ

വിശദാംശങ്ങൾ വിനോദ യാത്ര ആരംഭിക്കുന്ന തീയതിക്ക് മുൻപ് 7 ദിവസത്തിനകം സംസ്ഥാനത്തെ ഏതെങ്കിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

2. വിനോദ യാത്ര ആരംഭിക്കുന്നതിന് മുൻപ് 7 ദിവസത്തിനകം വാഹന ഉടമ / വാഹന ഡ്രൈവറുടെ സൌകര്യപ്രകാരം സംസ്ഥാനത്തെ ഏത് ഓഫീസിൽ വേണമെങ്കിലും വാഹനം പരിശോധനയ്ക്കായി ഹാജരാക്കാവുന്നതാണ്.
3. വാഹന പരിശോധനയ്ക്ക് ശേഷം ഇതോടൊപ്പം ഉൾക്കൊള്ളിച്ചുള്ള പ്രൊഫോർമയിൽ വാഹനം പരിശോധിച്ചത് സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കി ഒരു പകർപ്പ് വാഹന ഉടമ / ഡ്രൈവർക്കും നൽകേണ്ടതും ഓരോ പകർപ്പുകൾ ഓഫീസ് മേധാവിയും വാഹന പരിശോധന നടത്തിയ ഉദ്യോഗസ്ഥനും കൈവശം വയ്ക്കേണ്ടതുമാണ്.
4. വിനോദ യാത്രയ്ക്ക് പോകുന്ന വാഹനത്തിന്റെ ഡ്രൈവർ മേൽ റിപ്പോർട്ട് കൈവശം വയ്ക്കേണ്ടതും ഉദ്യോഗസ്ഥരുടെ ആവശ്യ പ്രകാരം റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്.
5. വിനോദ യാത്രയ്ക്കുള്ള ബസ്സിന്റെ പരിശോധനയിൽ ഈ ഓഫീസിൽ നിന്നുള്ള 07-07-2022 തീയതിയിലെ ഇ1/121/20022 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
6. വാഹന പരിശോധനയിൽ വാഹന ഉടമ / ഡ്രൈവറെ അനാവശ്യമായി ബുദ്ധിമുട്ടിക്കുവാൻ പാടുള്ളതല്ല.
7. ഒരു സ്കൂൾ അധികാരിയുടെ അപേക്ഷയിന്മേൽ തയ്യാറാക്കിയ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രസ്തുത സ്കൂളിന്റെ പ്രസ്തുത തീയതിയിലെ വിനോദ യാത്രയ്ക്ക് മാത്രമെ ഉപയോഗിക്കുവാൻ പാടുള്ളൂ.

വിശ്വസ്തതയോടെ,

Signed by
Pramoj Sanker P S
Date: 12-11-2022 23:24:03

PRAMOJ SANKER P S
ADDITIONAL TRANSPORT COMMISSIONER

**Inspection Report of Vehicles --------- which is intended to conduct tour on Contract Agreement with the Authorities of -------------- School/College**

Ref: - Request / Intimation dated .................. from the Principal/HM/ .........................................., (Name of School / College ).

I have inspected the vehicle bearing Registration No. ........................ which is intended to be used for a Tour programme of the students of ......................... School / College on ..................... and certified that the vehicle is suitable for conducting Tour programme for the period from ...................... to ......................... .

Date of Inspection :

Signature of Officer
Who inspects the vehicle

Name :

Designation :